मुखय निर्वाचन अधिकारी , केरला

CHIEF ELECTORAL OFFICER, KERALA

SVEEP




"വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല,
ഞാൻ ഉറപ്പായും വോട്ട് ചെയ്യും"

# നാഷണൽ വോട്ടേഴ്സ് ഡേ

# 2023

ജനുവരി 25

ഹോട്ടൽ ഹൈസിന്ത്, തമ്പാനൂർ, തിരുവനന്തപുരം

2023 ജനുവരി 25, രാവിലെ 11 മണിക്ക്

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

പ്രിയപ്പെട്ടവരെ,

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായ ജനുവരി 25ന് എല്ലാ വർഷവും ദേശീയ സമ്മതിദായകരുടെ ദിനമായി ആചരിക്കുന്നു. "വോട്ട് ചെയ്യുന്നതോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും" എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം. 2023 ജനുവരി 25 നാഷണൽ വോട്ടേഴ്‌സ് ദിനമായി ആചരിക്കുമ്പോൾ കേരളത്തിൽ സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിലും പൊതുപരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല ആഘോഷപരിപാടിയുടെ ഉത്ഘാടനം തിരുവനന്തപുരം, തമ്പാനൂർ ഹൈസിന്ത് ഹോട്ടലിൽ 2023 ജനുവരി 25ന് രാവിലെ 11.27 ന് ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാൻ നിർവഹിക്കും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. എ. ഷാജഹാൻ, തിരുവനന്തപുരം ജില്ലാ കളക്ടർ ശ്രീ. ജെറോമിക്ക് ജോർജ് ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നതാണ്. ഉത്ഘാടന ചടങ്ങുകൾക്ക് ശേഷം വിവിധ സാംസ്കാരിക കലാപരി പാടികൾ നടക്കുന്നതാണ്. ജനാധിപത്യത്തിന്റെ ഈ ഉത്സവവേളയിൽ പങ്കെടുക്കാൻ എല്ലാ പ്രിയപ്പെട്ടവരെയും ക്ഷണിക്കുന്നു.

സഞ്ജയ് കൗൾ
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം.

# കാര്യപരിപാടി

**ഹോട്ടൽ ഹൈസിന്ത്, തമ്പാനൂർ, തിരുവനന്തപുരം**
**2023 ജനുവരി 25, രാവിലെ 11 മണിക്ക്**

11.00 : ദേശീയഗാനം
(കേരള പോലീസ് ബാന്റ്)

11.01 : ഈശ്വര പ്രാർത്ഥന

11.05 : സ്വാഗതം
**ശ്രീ. ജെറോമിക്ക് ജോർജ് ഐ എ എസ്**
(ജില്ലാ കളക്ടർ, തിരുവനന്തപുരം)

11.10 : അധ്യക്ഷ പ്രസംഗം
**ശ്രീ. സഞ്ജയ് കൗൾ ഐ എ എസ്**
(മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം)

11.17 : ആശംസ
**ശ്രീ. എ. ഷാജഹാൻ ഐ എ എസ് (റിട്ട.)**
(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ)

11.22 : മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ നൽകുന്ന
ദേശീയ സമ്മതിദായകദിന സന്ദേശം
(ഹ്രസ്വ വീഡിയോ പ്രദർശനം)

11.27 : ഉത്ഘാടനം, നിലവിളക്ക് തെളിയിക്കൽ
**ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ**
(ബഹു. കേരള ഗവർണർ)

11.32 : ഉദ്ഘാടന പ്രസംഗം
ദേശീയ സമ്മതിദായക
പ്രതിജ്ഞ ചൊല്ലിക്കൊടുക്കൽ
ബഹു. കേരള ഗവർണർ

11.42 : കോഫീ ടേബിൾ ബുക്ക് പ്രകാശനം
ബഹു. കേരള ഗവർണർ

11.47 : അവാർഡ് വിതരണം
മികച്ച ജില്ല കളക്ടർ, മികച്ച ബിഎൽഒ (തിരു. ജില്ല),
മികച്ച ഇലക്ട്രൽ ലിറ്ററസി ക്ലബ് (തിരു.ജില്ല), NVD 2022ന്റെ
ഭാഗമായി സംഘടിപ്പിച്ച പോസ്റ്റർ ഡിസൈൻ,
ഷോർട്ട് ഫിലിം മത്സര വിജയികൾക്കുള്ള സമ്മാനദാനം.
ഇലക്ഷൻ ഐക്കണുകളെ ആദരിക്കൽ.
ബഹു. കേരള ഗവർണർ

11.56 : കൃതജ്ഞത
**ശ്രീമതി അശ്വതി ശ്രീനിവാസ് ഐ എ എസ്**
(സബ് കളക്ടർ, തിരുവനന്തപുരം)

11.59 : ദേശീയ ഗാനം
(കേരള പോലീസ് ബാൻഡ്)

## സമ്മതിദായകരുടെ പ്രതിജ്ഞ

ജനാധിപത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇന്ത്യൻ പൗരന്മാരായ ഞങ്ങൾ രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യവും സ്വതന്ത്രവും നീതിയുക്തവും സമാധാനപൂർണ്ണവുമായ തിരഞ്ഞെടുപ്പിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുമെന്നും, ജാതി, മതം, ഭാഷ തുടങ്ങിയ പരിഗണനകൾക്കോ മറ്റേതെങ്കിലും പ്രലോഭനങ്ങൾക്കോ വശംവദരാകാതെ എല്ലാ തിരഞ്ഞെടുപ്പുകളിലും സധൈര്യം വോട്ടു ചെയ്യുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.